പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4791

14.11.2019 ൽ മറുപടിക്ക്

## ട്രെയിനുകൾ സമയക്ലിപ്തത പാലിക്കാൻ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.വി.ആർ. സുനിൽ കുമാർ | | ശ്രീ. ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) | |
| (എ) | പുതിയ റെയിൽവേ ടൈടേബിൾ ദിവസവും യാത്ര ചെയ്യുന്ന ഉദ്യോഗസ്ഥർക്കും വിദ്യാർത്ഥികൾക്കും അനുകൂലമല്ലാത്തതാണെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ ഏതൊക്കെ സംഘടനകൾ സർക്കാരിന് നിവേദനം നൽകിയിട്ടുണ്ട്; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഫ്രണ്ട്സ് ഓൺ റെയിൽസ്, കരുനാഗപ്പള്ളി റെയിൽ പാസഞ്ചേഴ്സ് അസോസിയേഷൻ, പാസഞ്ചർ ഫോറം, തൃശ്ശൂർ റെയിൽവേ പാസഞ്ചേഴ്സ് അസോസിയേഷൻ തുടങ്ങിയ സംഘടനകൾ ട്രെയിനുകളുടെ അശാസ്ത്രീയമായ സമയക്രമത്തിനെതിരെ നിവേദനം നൽകിയിട്ടുണ്ട്. |
| (ബി) | രാവിലെ തിരുവനന്തപുരത്തെത്താൻ കൂടുതൽ പേർ ആശ്രയിക്കുന്ന ഇന്റർസിറ്റി, വഞ്ചിനാട്, കന്യാകുമാരി - ജയന്തിജനത എക്സ്പ്രസ്സ് തുടങ്ങിയ ട്രെയിനുകൾ നിലവിൽ പത്തുമണിക്കുശേഷം തിരുവനന്തപുരത്തെത്തുന്ന രീതിയിലുള്ള ടൈംടേബിൾ പരിഷ്കരിച്ച് പത്തുമണിക്ക് മുമ്പെത്തുന്ന തരത്തിൽ ക്രമീകരിക്കാൻ റെയിൽവേ മന്ത്രാലയത്തോട് ആവശ്യപ്പെടുമോ; | (ബി) യും (സി) യും (ഡി) യും | യഥാസമയം ട്രെയിനുകൾ സർവ്വീസ് നടത്തുന്നതിന് പകരം നിലവിൽ ട്രെയിനുകൾ എത്തിച്ചേരാൻ അധികമായി എടുക്കുന്ന സമയത്തെ (Buffer Time) പ്രസ്തുത ട്രെയിനുകൾ എത്തിച്ചേരേണ്ടുന്ന സമയമായി പുന:ക്രമീകരിക്കുക എന്ന കുറുക്കുവഴിയാണ് തിരുവനന്തപുരം, പാലക്കാട് ഡിവിഷനുകൾ സ്വീകരിച്ചിരിക്കുന്നത്. അറ്റകുറ്റപണിയുടെയും പാതയിരട്ടിപ്പിക്കലിന്റെയും പേരുപറഞ്ഞാണ് ഇത്തരത്തിലൊരു സമീപനം റെയിൽവെ സ്വീകരിച്ചിട്ടുള്ളത്. ഇതിനെതിരായി എം.പിമാരുടെ തലത്തിലും ഉദ്യോഗസ്ഥ തലത്തിലും നിരന്തരം സമ്മർദ്ദം ചെലുത്തിയിരുന്നു. കൂടാതെ ഇത്തരത്തിൽ അശാസ്ത്രീയമായ സമയക്രമ നിർണ്ണയം പുന:പരിശോധിക്കണമെന്ന് ആവശ്യപ്പെട്ട് ബഹു. മുഖ്യമന്ത്രിയും, റെയിൽവെയുടെ ചുമതലയുള്ള മന്ത്രിയും കേന്ദ്ര റെയിൽവെ മന്ത്രിക്ക് കത്തുകൾ അയച്ചിട്ടുണ്ട്.<br>സർക്കാർ ജീവനക്കാരും മറ്റും ഏറ്റവും കൂടുതൽ ആശ്രയിക്കുന്ന പ്രതിദിന എക്സ്പ്രസ്സ് ട്രെയിനുകളുടെ |
| (സി) | ഇക്കാര്യത്തിൽ സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ ഇടപെട്ട് നല്കിയ ഉത്തരവുപോലും ലംഘിക്കുന്ന തരത്തിലുള്ള റെയിൽവേയുടെ നടപടികൾ തിരുത്തുന്നതിന് സർക്കാർ മുൻകയ്യെടുക്കുമോ; | | |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത ട്രെയിനുകൾ തിരുവനന്തപുരത്തിന് തൊട്ടു മുന്നേയുള്ള സ്റ്റേഷനുകളിൽ മണിക്കൂറുകൾ പിടിച്ചിട്ട് യാത്രക്കാരുടെ വിലപ്പെട്ട സമയം അപഹരിക്കുന്ന പ്രവണത തിരുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് സർക്കാർ മുൻകയ്യെടുക്കുമോ; വ്യക്തമാക്കുമോ? | | വൈകിയോട്ടവും ആവശ്യത്തിന് ജനറൽ കോച്ചുകൾ ഇല്ലാത്തതിനാൽ യാത്രക്കാർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകളും പരിഹരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുവാൻ റെയിൽവേയോട് ആവശ്യപ്പെട്ടിട്ടുണ്ട്. സർക്കാരിന്റെ ശക്തമായ ഇടപെടലുകൾ കാരണം ചില ട്രെയിനുകളിൽ വെട്ടിക്കുറച്ച ബോഗികൾ പുന:സ്ഥാപിച്ചിട്ടുണ്ട്. നിലവിൽ ഇന്റർസിറ്റി, വഞ്ചിനാട്, കന്യാകുമാരി-ജയന്തിജനത എക്സ്പ്രസ്സ് തുടങ്ങിയ ട്രെയിനുകൾ സമയ ക്ലിപ്തത പാലിക്കുന്നുണ്ട്. കൂടാതെ സംസ്ഥാനത്തിലൂടെ കടന്നു പോകുന്ന 7 ട്രെയിനുകളിൽ ഓരോ അധിക എ.സി. ത്രീ ടയർ കോച്ച് അധികമായി അനുവദിച്ചിട്ടുണ്ട്. അമൃത എക്സ്പ്രസ്സ് മുതലായ ട്രെയിനുകളുടെ സമയമാറ്റം മൂലം യാത്രക്കാർക്ക് ഉണ്ടാക്കുന്ന ബുദ്ധിമുട്ട് പരിഗണിച്ച് സമയപട്ടിക പൂർവ്വ സ്ഥിതിയിൽ ആക്കണമെന്ന് ആവശ്യപ്പെട്ട് കൊണ്ട് കേന്ദ്ര റെയിൽവേ മന്ത്രിക്ക് കത്ത് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ